**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ,   തിരുവനന്തപുരം പിൻ– **695035**

ഫോൺ: **0471 2302490**   ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**

---

**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**<u>തിരുവനന്തപുരം</u>**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ ലവീന വി ആന്റണി (പെൻ **889387**), അസിസ്റ്റന്റ് സർജൻ- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1. A6- 13419/2022/**ജിമെആ കോട്ടയം തീയതി **11.08.2022**

**2. GE03/D/L-424/0028** തീയതി **24.04.2023**

**3.** കാരണം കാണിക്കൽ നോട്ടീസ് **DHS/5499/2023-EA4** തീയതി **19.06.2023**

**4.** ഡോ ലവീന വി അന്റണി സമർപ്പിച്ച അപേക്ഷ തീയതി **28.07.2023**

**5.** എ**6/827/2023/**ജിമെആ കോട്ടയം തീയതി **17.022025**

**<u>ഉത്തരവ് നം. DHS/5499/2023-EA4 തീയതി.31-12-2025</u>**

ഡോ ലവീന വി ആന്റണി (**Dr Laveena V Antony PEN 889387**), **22.02.2020** ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കോട്ടയം കുറവിലങ്ങാട് താലൂക്കാസ്ഥാന ആശുപത്രിയിൽ കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ / അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ **21.07.2022** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം **(1)** പ്രകാരം കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് **(work and conduct)** തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം **(3)** പ്രകാരം നോട്ടീസ് നൽകി. പരാമർശം **(4)** പ്രകാരം ഡോ ലവീന വി ആന്റണി, ടി നോട്ടീസിന് മറുപടി സമർപ്പിച്ചു. അബോർഷനെ തുടർന്ന് **26.04.2022** മുതൽ **42**

ദിവസത്തേയ്ക്ക് അവധിയിൽ പ്രവേശിച്ചതായും ശാരീരികമായും മാനസികമായും പ്രയാസം അനുഭവിച്ചതായും ഗൈനക്കോളജിസ്റ്റ് പൂർണ്ണ വിശ്രമം നിർദ്ദേശിച്ചിരിക്കുന്നതിനാൽ മാനുഷിക പരിഗണന നൽകി ഒരു വർഷത്തേയ്ക്ക് അവധി അനുവദിക്കണമെന്നും അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ട്.

(2). ഡോ ലവീന വി ആന്റണി (പെൻ 889387) സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. വ്യക്തിപരമായ കാരണങ്ങളാലാണ് ടിയാൾ സേവനത്തിൽ നിന്നും വിട്ടു നിന്നതെന്ന് കാണുന്നു. യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നത് ടിയാളുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. 06.07.2022 മുതൽ 20.07.2022 വരെയുള്ള അവധി അപേക്ഷ മാത്രം ആണ് ടിയാൾ സമർപ്പിച്ചിട്ടുള്ളതെന്ന് പരാമർശം (5) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ടി സാഹചര്യത്തിൽ പരാമർശം (4) പ്രകാരം ഡോ ലവീന വി ആന്റണി (പെൻ 889387) സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന് കഴിയുകയില്ല. ആയതിനാൽ 21.07.2022 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ ലവീന വി ആന്റണി (പെൻ 889387) കാഷ്വാൽറ്റി മെഡിക്കൽ ഓഫീസറുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ ലവീന വി ആന്റണി (പെൻ 889387) കാഷ്വാൽറ്റി മെഡിക്കൽ ഓഫീസറുടെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 31-12-2025 10:45:30

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Laveena V Antony,**

**Velayanattukaran (H), Ayyappankavu PO,**

**Mulayam- 680751.**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,

തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

കോട്ടയം

3. സൂപ്രണ്ട്,

താലൂക്കാസ്ഥാന ആശുപത്രി കുറവിലങ്ങാട്, കോട്ടയം.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ